# അദ്ധ്യായം - 24



*ബാബയുടെ തമാശകൾ ചണക്‌ലീല - (1) ഹേമദ് പാന്ത് (2) സുദാമ (3) അന്നാചിൻചാനിക്കർ മാവുസിബായി.*

അടുത്ത അദ്ധ്യായത്തിൽ ഇന്നത് പറയാമെന്ന് പറയുന്നത് ഒരു വിധം അഹംഭാവമാണ്. മുഴുവൻ അഹംഭാവവും സദ്ഗുരുവിൽ സമർപ്പിക്കാത്ത പക്ഷം ഒന്നും നടക്കുന്നില്ല. അഹംഭാവരഹിതനായാൽ വിജയം സുസാദ്ധ്യമാണ്.

സായിബാബയെ ആരാധിക്കുന്നതിൽ നിന്നും ലൗകികവും അദ്ധ്യാത്മികവുമായ നേട്ടവും കൈവരുന്നു. അത് നമ്മുടെ സ്വാഭാവമായി തീർന്ന് ആനന്ദം കൈവരുന്നു. അതിനാൽ ഇതുകേട്ട് നേട്ടം കൈവരിക്കാനാഗ്രഹിക്കുന്നവർ ഈ ലീലകളിൽ ശ്രദ്ധിച്ചു അവയെപ്പറ്റി സ്മരിക്കണം. അങ്ങിനെ ചെയ്താൽ പരമാനന്ദം അനുഭവിക്കാറാകും.

## ചണക് ലീല - തമാശകൾ

ഷിർദ്ദിയിൽ എല്ലാ ഞായറാഴ്ചയും ചന്ത പതിവുണ്ട്. അയൽ ഗ്രാമക്കാർ അന്ന് അവിടെ വന്ന് നിരത്തിൽ

കടകെട്ടിയുണ്ടാക്കി വ്യാപാരം ചെയ്തുപോവും എല്ലാ ദിവസവും ഉച്ചക്ക് മസ്ജിദിൽ തിരക്കായിരിക്കും. ഞായറാഴ്ച ഉച്ചക്ക് തിരക്ക്കൊണ്ട് ശ്വാസംമുട്ടിപ്പോവും. ഒരു ഞായറാഴ്ച ഉച്ചക്ക് ഹേമദ്പാന്ത് ബാബയുടെ കാൽ തലോടി ഇരിക്കയായിരുന്നു. ശാമ ബാബയുടെ ഇടത്തും വാമൻറാവു മുന്നിലും ഇരിപ്പുണ്ട്. ശ്രീമാൻ ഭൂട്ടിയും കാക്കാസാഹെബ് ദീക്ഷിതും മറ്റുപലരും അവിടെയുണ്ട്. ശാമ ചിരിച്ച് ഹേമദ്പാന്തിനോട് പറഞ്ഞു. 'അന്നാ സാഹെബ്! നിങ്ങളുടെ കോട്ടിന്റെ കയ്യിൽ കുറെ കടല പറ്റികിടക്കുന്നുണ്ട്. 'ഹേമദ്പാന്ത് ഇടം കയ്യിന്റെ ഭാഗം പരിശോധിച്ചു. അപ്പോൾ കുറെ കടലമണികൾ താഴെ വീണത് ആളുകൾ പെറുക്കി എടുത്തു. ഇത് തമാശക്ക് വഴികൊടുത്തു. അവിടെയുള്ളവർ കടല അവിടെ എത്താൻ പല കാരണങ്ങളും പറഞ്ഞ് ചിരിക്കാൻ തുടങ്ങി. ഹേമദ്പാന്തിനും അത് അങ്ങിനെ അവിടെയെത്താനുള്ള കാരണം മനസ്സിലായില്ല. ആർക്കും ശരിയായ കാരണം പറയാൻ കഴിയാഞ്ഞപ്പോൾ ബാബ പറഞ്ഞു.

ബാബ : 'ഈയാൾക്ക് ഒറ്റക്ക് തിന്നുന്ന ഒരു ദുസ്വാഭാവമുണ്ട്. ഇന്ന് ചന്തയല്ലെ. അയാൾ കടലതിന്നു കൊണ്ടാണിവിടെ വന്നത്. എനിക്കീ സ്വഭാവമറിയാം. അതിന്റെ തെളിവാണ് കടലമണികൾ. ഇതിലെന്താണ തിശയിക്കാനുള്ളത് ?

ഹേമദ്പാന്ത്: 'ബാബ ഞാൻ ഒറ്റക്ക് തിന്നലെ ഇല്ല. പിന്നെ എന്തിനാണീ ദുസ്വഭാവം എന്നിൽ ആരോപിക്കുന്നത്? ഞാൻ ഷിർദ്ദി ചന്തയിൽ ഇന്ന് പോയിട്ടേ ഇല്ല. പിന്നെ എങ്ങിനെ കടലവാങ്ങി തിന്നാനാണ്? മറ്റുള്ളവർക്ക് കൊടുക്കാതെ ഞാനൊന്നും തിന്നലെ ഇല്ല'.

ബാബ: 'ശരിയാണ്, നീ അടുത്തുള്ളവർക്ക് കൊടുത്തെ തിന്നലുള്ളു. അടുത്താരുമില്ലെങ്കിൽ നാം എന്തുചെയ്യും? പക്ഷെ

തിന്നുന്നതിനു മുമ്പ് എന്നെ ഓർക്കലുണ്ടോ? ഞാനെപ്പോഴും കൂടെയില്ലേ? അപ്പോൾ നീ തിന്നുന്നതിനുമുമ്പ് എനിക്ക് വല്ലതും തരലുണ്ടോ?'.

**തത്വം**

ഈ സംഭവത്തിൽ ബാബ പഠിപ്പിച്ച പാഠം നോക്കുക. നമ്മുടെ ഇന്ദ്രിയങ്ങളും, മനസ്സും, ബുദ്ധിയും എന്താസ്വദിക്കുകയാണെങ്കിലും ബാബയെ മുൻകൂട്ടി വിചാരിച്ചാൽ അത് ഒരു നൈവേദ്യമായി എന്ന്. ഇന്ദ്രിയങ്ങൾക്കു ലക്ഷ്യങ്ങളെ വിധേയമാക്കാതിരിക്കാൻ സാദ്ധ്യമല്ല. പക്ഷെ അവയെ ആദ്യം ഗുരുവിന് സമർപ്പിച്ചാൽ, അവയിലുള്ള ആസക്തി ഇല്ലാതാവുന്നു. ഇങ്ങിനെ ആഗ്രഹം, കോപം, ദുരാശ മുതലായ എല്ലാ വൃത്തികളും ആദ്യം ഗുരുവിന് സമർപ്പിച്ചാൽ ഗുരു അവയെ ഇല്ലായ്മ ചെയ്യുന്നു. ആസ്വദിക്കുന്നതിന് മുമ്പ് ബാബ സമീപത്തുണ്ടെന്ന് സങ്കല്പിക്കുക. അപ്പോൾ അത് ആസ്വദിക്കാൻ പറ്റിയതോ അല്ലാത്തതോ എന്ന് ആലോചന വരും. അപ്പോൾ ആസ്വാദനത്തിന് പറ്റാത്തവ ഉപേക്ഷിച്ച്, ദുഃസ്വഭാവം ഇല്ലായ്മചെയ്യും. ഗുരുവിനോടുള്ള ഭക്തിയും വർദ്ധിക്കും. ജ്ഞാനം തന്നെത്താൻ പൊട്ടിമുളക്കും. അങ്ങിനെ ശരീരമാണ് നാമെന്ന ചിന്തമാറി, നാം പരമാത്മാവാണെന്ന ബോധം വളർന്ന് വരും. അപ്പോൾ ആനന്ദവും തൃപ്തിയും ലഭിക്കും. ഗുരുവും ദൈവവും ഭിന്നമല്ല. അവ തമ്മിൽ വ്യത്യാസം കാണുന്നവർ ദൈവത്തെ കാണുന്നില്ല. അപ്പോൾ വ്യത്യസ്ത ചിന്ത ഒഴിവാക്കി ഗുരുവെയും ദൈവത്തേയും ഒന്നായി കാണണം. അങ്ങിനെ ഗുരുവെ മേൽപ്രകാരം സേവിച്ചാൽ ദൈവം മനശുദ്ധിയുണ്ടാക്കി ആത്മജ്ഞാനം പ്രദാനം ചെയ്യും. ചുരുക്കത്തിൽ എന്തും ഗുരുവിന്നു കൊടുത്തേ നാം

അനുഭവിക്കാവൂ. ഇങ്ങിനെ ശീലിച്ചാൽ നമുക്ക് സദാ ബാബയെ ധ്യാനിക്കാൻ കഴിയും ബാബയുടെ സഗുണരൂപം മുന്നിൽ എപ്പോഴുമുണ്ടായിരിക്കും. അപ്പോൾ ഭക്തി, നിസ്സംഗത്വം, മുക്തി ഇത് നമുക്ക് ഉറപ്പാണ്. അങ്ങിനെ ബാബാരൂപം മനസ്സിൽവെച്ചാൽ വിശപ്പ്, ദാഹം, സംസാരം എല്ലാം മറക്കും. ലൗകിക സുഖങ്ങളിലെ ആസക്തി ഇല്ലാതായി മനസ്സിന്ന് ശക്തിയും സന്തോഷവും സിദ്ധിക്കും.

## സുദാമാവിന്റെ കഥ

ശ്രീകൃഷ്ണനും ബാലരാമനും ഒരു സതീർത്ഥ്യനായ സുദാമാവോടു കൂടി, സാന്ദീപനിയുടെ ആശ്രമത്തിൽ പഠിക്കാൻ താമസിച്ചു. ഒരിക്കൽ കൃഷ്ണനെയും ബലരാമനെയും കാട്ടിൽ വിറകിന്നയച്ചപ്പോൾ മൂന്നു പേർക്കും തിന്നാൻ കുറെ കടലയും കൊടുത്തയച്ചു. കൃഷ്ണൻ സുദാമാവിനെ കാട്ടിൽവെച്ച് കണ്ടപ്പോൾ ചോദിച്ചു. ‘ദാദാ എനിക്ക് വെള്ളം വേണം. സുദാമാവ് പറഞ്ഞു: ‘വെറും വയറിൽ വെള്ളം കുടിക്കരുത്. കുറച്ച് വിശ്രമിച്ചോളു. കടലയുടെ വർത്തമാനമെ പറഞ്ഞില്ല. കൃഷ്ണൻ ക്ഷീണിതനായി സുദാമാവിന്റെ മടിയിൽ തലവെച്ച് കിടന്ന് കൂർക്കം വലിച്ചുറങ്ങി. ഇത് കണ്ട് സുദാമാവ് കടല എടുത്ത് തിന്നാൻ തുടങ്ങി. കൃഷ്ണൻ ചോദിച്ചു. ‘ദാദാ! എന്താ തിന്നുന്നത്? എന്താ ഒച്ച കേൾക്കുന്നത്? സുദാമാവ് മറുപടി പറഞ്ഞു: ‘എന്ത് തിന്നാനുണ്ട്? ഞാൻ തണുത്ത് വിറച്ച് പല്ലുകടിക്കുന്നതാണ്. എനിക്ക് വിഷ്ണു സഹസ്രനാമം ജപിക്കാൻപോലും കഴിയുന്നില്ല‘ ഇതുകേട്ട് പരമാത്മാവായ കൃഷ്ണൻ പറഞ്ഞു. ‘ഞാൻ ഒരു സ്വപ്നം കണ്ടു. അതിൽ ഒരാൾ മറ്റൊരാൾക്കുള്ളത് തിന്നുകയാണ്. മറ്റെയാൾ ചോദിച്ചപ്പോൾ എന്തുമണ്ണാണ് തിന്നാന്നുള്ളതെന്നാണ് അയാൾ ചോദിച്ചത്.

മറ്റെയാൾ അങ്ങിനെയാവട്ടെ എന്നും പറഞ്ഞു. ദാദ ഇതൊരു സ്വപ്നമാണ്. എന്നെ കൂടാതെ നിങ്ങളൊന്നും തിന്നില്ലെന്ന് എനിക്കറിയാം. സ്വപ്നത്തിന്റെ പ്രേരണാ ശക്തികൊണ്ട് നിങ്ങളെന്താണ് തിന്നുന്നതെന്ന് ചോദിച്ചു പോയതാണ്. 'സുദാമാവിന് കൃഷ്ണപരമാത്മാവിന്റെ ലീല മനസ്സിലായി രുന്നെങ്കിൽ അപ്രകാരം ചെയ്യില്ലായിരുന്നു. പിന്നീട് അതിന്ന് അയാൾക്ക് അനുഭവിക്കേണ്ടിവന്നത് കഷ്ടപ്പാടാണ്. ജീവിതം മുഴുവൻ ദരിദ്രനായിക്കഴിഞ്ഞു. പിന്നീട് ഭാര്യ കഷ്ടപ്പെട്ടു ണ്ടാക്കിയ ഒരു പിടി അവിൽകൊടുത്ത് പ്രീതനായ കൃഷ്ണൻ അയാൾക്ക് ഒരു സുവർണ്ണനഗരം തന്നെ പ്രദാനം ചെയ്തു. ഈ കഥ അന്യർക്ക് കൊടുക്കാതെ ഒറ്റക്ക് തിന്നുന്നവർ ഓർക്കേണ്ടതാണ്.

ശ്രുതികളിലും ആദ്യം ദൈവത്തിന് നിവേദിച്ച് ഉച്ചിഷ്ടം കഴിക്കാൻ ഉപദേശിക്കുന്നു. ബാബയും ഇതേ പാഠം തമാശരൂപത്തിൽ പഠിപ്പിച്ചു. (തേനകൃക്തേന ഭുഞ്ജീഥ- ഈശോപനിഷത്ത്)

## അന്നാചിൻ ചാനിക്കർ *VS* മാവ്സിബായി

മറ്റൊരുരസകരമായ സംഭവത്തിൽ ബാബ സമാധാനം സ്ഥാപിച്ച കഥപറയാം. ദാമോദർ ഘനശ്യാമ ബാബറെ എന്ന അന്നാചിൻ ചാനിക്കർ എന്നു പേരായ ഒരു ഭക്തനുണ്ടായിരുന്നു. അയാൾ നേർവഴിക്കാരനും ശുണ്ഠിക്കാരനുമായിരുന്നു. ആരെയും വകവെക്കാതെയും വെട്ടിത്തുറന്ന് കാര്യം പറഞ്ഞും റൊക്കക്കച്ചവടം മാത്രം ചെയ്തും അയാൾ ജീവിച്ചു. അയാൾ പുറമെക്ക് പരുക്കനായിരുന്നെങ്കിലും യഥാർത്ഥത്തിൽ സൽസ്വാഭാവിയും നല്ലവനുമായിരുന്നു. അയാളെ ബാബ





സ്നേഹിച്ചു. പിന്നീട് അയാൾ മഹാസമാധിക്കുശേഷം മുഴുവൻ സ്വത്തും ഷിർദ്ദി സനസ്ഥാനത്തേക്ക് ഒസ്യത്തെഴുതിവെച്ചു. ഒരു ഉച്ചക്ക് എല്ലാവരും ചെയ്യുമ്പോലെ ഈ അന്നാ സാഹെബ് നിന്നുകൊണ്ട് ബാബയുടെ മരപ്പടിയിൽ വെച്ചിരുന്ന കൈ തടവുകയായിരുന്നു. വലതുഭാഗത്ത് വയസ്സായ വിധവ മാവ് സിബായി അവർക്കിഷ്ടം പോലെ ബാബയെ പരിചരിക്കുക യായിരുന്നു. അന്നേരം അവർ ബാബയുടെ ദേഹം പിടിച്ച് വയറ്റത്ത് വിരൽകൊണ്ടമർത്തി ഇളക്കി മറിക്കുകയായിരുന്നു. ഇത് വളരെ ശക്തിയോടെ ചെയ്യുന്നതുകൊണ്ട് ബാബയുടെ വയറ് പരന്ന മാതിരിയായി. ബാബ അങ്ങോട്ടും ഇങ്ങോട്ടും ഇളകികൊണ്ടിരുന്നു. അന്ന ഇളകാതെയും മാവ്സിഭായി അങ്ങോട്ടും ഇങ്ങോട്ടും ഇളകിച്ചുമാണ് പരിചരിച്ചത്. ഒരിക്കൽ അവരുടെ മുഖം അന്നയുടെ മുഖത്തിന്നടുത്തു വന്നു. അവർ തമാശയായി 'ഓ ഈ അന്ന ഒരുമാതിരിക്കാരനാണ്. എന്നെ ഉമ്മ വെയ്ക്കാൻ നോക്കുന്നു. ഇത്ര വയസ്സായി നരച്ച എന്നെ ഉമ്മ വെയ്ക്കാൻ ഇയാൾക്ക് ലജ്ജയില്ലല്ലോ' എന്നു പറഞ്ഞു. ഇതുകേട്ട് കോപിച്ച അന്ന കുപ്പായക്കയ്യ് മടക്കി കയറ്റി ' നിങ്ങൾ പറയുന്നത് ഞാൻ ചീത്തയാളാണെന്നാണോ? ഞാനൊരു വിഡ്ഢിയൊന്നുമല്ല. നിങ്ങളാണ് വക്കാണം തുടങ്ങിവെച്ച് ഇത് പറയിക്കുന്നത്' എന്നു പറഞ്ഞു. അവിടെകൂടിയവരെല്ലാം ഇത് കണ്ട് ചിരിച്ചു. ബാബക്ക് അവരെ രണ്ടുപേരെയും ഇഷ്ട മായതിനാൽ വളരെ സമർത്ഥമായി അവരെ സമാധാനിപ്പിച്ചു. ബാബ പറഞ്ഞു. 'ഒ അന്ന! എന്തിനാണ് വെറുതെ ഇങ്ങനെ ഒച്ചപ്പാടുണ്ടാക്കുന്നത്? അമ്മയെ ഉമ്മ വെക്കുന്നതിൽ എന്താണ് വിരോധമെന്ന് എനിക്ക് മനസ്സിലാവുന്നില്ല.'ഇതുകേട്ട് അവർ രണ്ടുപേരും സമാധാനപ്പെട്ടു. എല്ലാവരും ചിരിച്ചു. ബാബയുടെ അവസരോചിതമായ വാക്കുകൾ പ്രശംസിച്ചു.

## ബാബയുടെ സ്വഭാവം - ഭക്തരെ ആശ്രയിക്കൽ

ബാബക്ക് ഭക്തന്മാർ അവരുടെ ഇഷ്ടപ്രകാരം സേവിക്കുന്നതാണിഷ്ടം ആരും അതിലിടപെടുന്നത് ബാബ സമ്മതിക്കില്ല. ഒരു ഉദാഹരണമായി ഇതേ മാവ്സിബായി ബാബയുടെ വയറ് തിരുമ്മുകയായിരുന്നു അവരുപയോഗിക്കുന്ന ബലവും പരുക്കത്തരവും കണ്ട് എല്ലാ ഭക്തന്മാരും ഭയപ്പെട്ടു. അവർ' അമ്മെ കുറച്ച് സാവധാനത്തിൽ ചെയ്യൂ അല്ലെങ്കിൽ ബാബയുടെ ഞരമ്പുകൾ പൊട്ടും' എന്ന് പറഞ്ഞു. ഇതുകേട്ട് ബാബ എണീറ്റ് സത്കകൊണ്ട് നിലത്തടിച്ചു. ബാബ കോപിച്ച് കണ്ണുകൾ തീക്കനൽപോലെയായി. ആർക്കും ബാബയുടെ മുന്നിൽ നിൽക്കാൻ ധൈര്യം വന്നില്ല. ഉടനെ ബാബ സത്ക്കയുടെ തല പൊക്കിൾ കുഴിയിൽവെച്ച് മറ്റെ തല തൂണിന്മേൽ വെച്ച് വയറമർത്താൻ തുടങ്ങി. രണ്ടുമൂന്നടി നീളമുള്ള സത്ക ബാബയുടെ ദേഹത്ത് ഇറങ്ങി പോവുന്നതുപോലെ തോന്നി. എല്ലാവരും വയർ പൊട്ടി പോകുമോ എന്ന് ഭയപ്പെട്ടു. ബാബ പിന്നെയും പിന്നെയും തൂണിനടുക്കലേക്ക് നീങ്ങുകയാണ്. ബാബ തൂണ് കടന്നുപിടിച്ച് അമർത്താൻ തുടങ്ങി. എല്ലാവരും പേടിച്ച് സ്തബ്ധരായി. ബാബ ഭക്തനുവേണ്ടിയാണ് ഈ സാഹസം അനുഭവിച്ചത്. മറ്റുള്ളവർ മാവ്സിബായിക്ക് സൂചനകൊടുത്തത് ബാബക്ക് വിഷമം ഏല്പിക്കരുതെന്നുവെച്ചാണ്. ഇത് സദുദ്ദേശത്തിൽ ചെയ്തതാണെങ്കിലും ബാബക്ക് ഇഷ്ടപ്പെട്ടില്ല. അവരുടെ സദുദ്ദേശപരമായ വാക്ക് ഇങ്ങിനെ ആയിപ്പോയതിൽ അവർ അതിശയിച്ചു. ഭാഗ്യവശാൽ ബാബയുടെ കോപം ഉടനെ ശമിച്ചു. സത്കവിട്ട് ആസനത്തിലിരുന്നു. അന്നുതൊട്ട് ഭക്തന്മാർ ആരുടെ സേവനത്തിലും ഇടപെടരുതെന്നും അതിന്റെ ഗുണദോഷം അളക്കാൻ ബാബക്ക് തന്നെയാണ് ശരിക്കറിയുക എന്നും മനസ്സിലാക്കി.

ശ്രീ സായിയെ നമിക്കുവിൻ- ലോകശാന്തി ഭവിക്കട്ടെ!